# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6829</u> <u>13.07.2012-ലെ മറുപടിക്ക്</u>

## <u>സുപ്രീംകോടതി വിധിപ്രകാരം സർക്കാരിന് ലഭിക്കേണ്ട എം. ബി. ബി. എസ്. സീറ്റുകൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 2007-ൽ അടിസ്ഥാന യോഗ്യതയില്ലാത്ത വിദ്യാർത്ഥികളെ എം.ബി.ബി.എസ്. കോഴ്സിന് പ്രവേശിപ്പിച്ചതുമായി ബന്ധപ്പെട്ട് ബഹു: സുപ്രീംകോടതി പുറപ്പെടുവിച്ച 1015/2012 സിവിൽ അപ്പീൽ വിധിപ്രകാരം വിവിധ കോളേജുകൾ സർക്കാരിന് വിട്ടുകൊടുക്കേണ്ട എം.ബി.ബി.എസ്. സീറ്റുകൾ ഈ വർഷം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; | (എ) 2007-ൽ അടിസ്ഥാന യോഗ്യതയില്ലാത്ത വിദ്യാർത്ഥികളെ എം.ബി.ബി.എസ്. കോഴ്സിന് പ്രവേശിപ്പിച്ചതുമായി ബന്ധപ്പെട്ട് ബഹു: സുപ്രീംകോടതി പുറപ്പെടുവിച്ച 1015/2012 സിവിൽ അപ്പീൽ വിധിപ്രകാരം കേരളാ ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ്സ് ഫെഡറേഷന്റെ കീഴിലുള്ള നാല് മെഡിക്കൽ കോളേജുകളിൽ നിന്നും 37 സീറ്റുകളും പെരിന്തൽമണ്ണ എം.ഇ.എസ്. മെഡിക്കൽ കോളേജിൽ നിന്ന് 27 സീറ്റുകളും സർക്കാരിന് വിട്ടുതന്നിട്ടുണ്ട്. |
| (ബി) കോടതിവിധിയുടെ അന്ത:സത്ത ഉൾക്കൊണ്ട് സർക്കാർ ഫീസായ 25,000/- രൂപയ്ക്ക് പ്രസ്തുത സീറ്റുകളിൽ പഠനം നടത്താൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുമോ ; | (ബി) എം.ഇ.എസ്. മെഡിക്കൽ കോളേജിൽ നിന്നും സർക്കാരിലേക്ക് വിട്ടുതന്ന 27 സീറ്റുകളിൽ 25,000/- രൂപയാണ് ഫീസായി നിശ്ചയിച്ചിട്ടുള്ളത്. |
| (സി) കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനുമായി സർക്കാരുണ്ടാക്കിയ കരാറിൽ പ്രസ്തുത സീറ്റുകൾ ഉൾപ്പെടുത്തിയതിലൂടെ മാനേജ്മെന്റുകൾക്ക് അടുത്ത അഞ്ചുവർഷത്തേക്ക് ആറുകോടി നാൽപത്തിയേഴ് ലക്ഷത്തി അമ്പതിനായിരം രൂപ (6,47,50,000/-) അധികനേട്ടമുണ്ടാവുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനുമായി ഈ വർഷമാണ് സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ ഫെഡറേഷന്റെ കീഴിലുള്ള നാല് മെഡിക്കൽ കോളേജുകളിലെ 50% സീറ്റുകളിൽ സർക്കാർ മെരിറ്റിലെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ സാധിക്കും. ഈ സ്ഥാപനങ്ങളിൽ |

ഏകീകൃത ഫീസ് നിരക്കായ **3,75,000/-**രൂപയാണ് വാർഷിക ഫീസായി നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ വിദ്യാർത്ഥികൾക്ക് സ് ക്കോളർഷിപ്പ് നൽകുന്നതിലേക്കായി പ്രസ്തുത കോളേജുകൾ പ്രതിവർഷം **40,00,000/-** രൂപ നൽകാമെന്നും കരാറിൽ വ്യവസ്ഥയുണ്ട്. ഇപ്രകാരം പ്രതിവർഷം 4 കോളേജുകളുമായി സ്കോളർഷിപ്പിനത്തിൽ ഒരു കോടി 60 ലക്ഷം രൂപ നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാനേജ്മെന്റുകൾ അധികനേട്ടമുണ്ടാക്കുന്നുണ്ടെന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മാനേജ്മെന്റുകളുമായി സീറ്റ് ധാരണാ കരാറില്ലെങ്കിലും പ്രസ്തുത സീറ്റുകൾ സർക്കാരിന് വിട്ടുനൽകാൻ മാനേജ്മെന്റുകൾ ബാധ്യസ്ഥരാണോ ; വ്യക്തമാക്കുമോ ;

(ഡി) സുപ്രീംകോടതി വിധി അനുസരിച്ച് പ്രസ്തുത സീറ്റുകൾ സർക്കാരിന് വിട്ടുനൽകുവാൻ മാനേജ്മെന്റുകൾ ബാദ്ധ്യസ്ഥരാണ്.

(ഇ) എം.ഇ.എസ്. മെഡിക്കൽ കോളേജ് വിട്ടുതരേണ്ട 27 സീറ്റും ഈ വർഷം തന്നെ സർക്കാരിന് ലഭ്യമാകുമോ ;

(എഫ്) എങ്കിൽ പ്രസ്തുത സീറ്റിൽ സർക്കാർ ഫീസായ 25,000/- രൂപയ്ക്ക് പഠനം നടത്തുവാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുമോ ; വ്യക്തമാക്കുമോ ?

**(ഇ) & (എഫ്)**

എം.ഇ.എസ്. മെഡിക്കൽ കോളേജ് 27 സീറ്റുകളും ഈ വർഷം തന്നെ സർക്കാരിന് വിട്ടുനൽകിയിട്ടുണ്ട്. ഈ സീറ്റുകളിൽ **25,000/-** രൂപയാണ് ഫീസായി നിശ്ചയിച്ചിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**